# ആദിചേരന്റെ കുടനാടും കരുവന്നൂർപ്പുഴയും

മുകുന്ദൻ കുറുപ്പ്

**പ്രബന്ധസംഗ്രഹം**

സംഘകാലത്ത് കേരളം അഞ്ചു നാടുകളായി തരം തിരിക്കപ്പെട്ടു. അതിൽ കേരളത്തിന്റെ മദ്ധ്യഭാഗം എന്നു പറയാവുന്ന കുടനാട് ആദിചേരന്റെ ഭരണപ്രദേശങ്ങളിൽ മുഖ്യമായിരുന്നു. ഈ പ്രദേശത്തെ നിവാസികളെ കുടവർ എന്നും ഭരണാധികാരികളെ കുടക്കോ അഥവാ കുടവർകോ എന്നും സംബോധന ചെയ്തുപോന്നു. കുടനാട്ടിലെ കരുവന്നൂർപ്പുഴ അഥവാ കരുമാൻപുഴ എന്നത് മധ്യകാലത്തോടെ മധ്യകേരളത്തിലെ നാഗരികതയുടെ (സാംസ്കാരിക, ജനപഥ) വളർച്ചയിൽ ഒരു പ്രധാന അതിർത്തിയായി കണക്കാക്കിപോന്നു. ഈ അതിർത്തിയുടെ വേർതിരിവുകൾ ബ്രാഹ്മണ പ്രബലകാലത്തോടെയാണെന്ന് കരുതപ്പെടേണ്ടിയിരിക്കുന്നു. മധ്യകാലത്തോടെ ഈ പുഴ ബ്രാഹ്മണ സാംസ്കാരികതയോടൊപ്പം പൊതുജനപഥത്തിലും ഒരു അതിർത്തിയായി വർത്തിച്ചിരുന്നു. ഇന്നു കാണുന്ന പല ജനവിഭാഗങ്ങളും ഈ പുഴയ്ക്ക് അപ്പുറം ഇപ്പുറം എന്ന നിലയിൽ ജാതിനാമത്തിലും സാംസ്കാരികതയിലും വ്യത്യസ്തത പുലർത്തുന്നുണ്ട്.

**സൂത്രവാക്കുകൾ**

കുടനാട്, കരുവന്നൂർപ്പുഴ, കരുമാൻപുഴ, ആദിചേരൻ, ജനസംസ്കൃതി, ഭൗതികസംസ്കാരം, കുടവർ, കുടക്കോ, കല്ലാറ്റ് കുറുപ്പ്, വേലൻ, മണ്ണാൻ, കളരിപ്പണിക്കർ, കളരിക്കുറുപ്പ്.

**ത**മിഴക ഭൂപ്രദേശങ്ങൾ ഭൂമിശാസ്ത്രഘടനാപരമായി കുറിഞ്ഞി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെ വിവിധ തിണകളായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. എന്നാൽ ക്രിസ്തു വർഷത്തിന്റെ ആദി ദശകങ്ങളിൽ പശ്ചിമഘട്ടത്തിനു പടിഞ്ഞാറൻ പ്രദേശങ്ങൾ വേണാട്, കുട്ടനാട്, കുടനാട്,

പൂഴിനാട്, കർക്കാനാട് എന്നിങ്ങനെ 5 നാടുകളായി തരം തിരിക്കപ്പെട്ടിരുന്നു. പഴന്തമിഴിൽ അഥവാ പ്രാക് തമിഴ് ഭാഷയിൽ കുണ എന്നാൽ കിഴക്ക് എന്നും കൊട അഥവാ കുട എന്നാൽ പടിഞ്ഞാറ് എന്നുമാണ് അർത്ഥമാക്കിയിരുന്നത്. കുണനാട് എന്നാൽ കിഴക്കൻ നാടെന്നും കുടനാട് അഥവാ കൊടനാട് എന്നാൽ പടിഞ്ഞാറൻ നാട് എന്നുമാണ് പഴയകാലത്ത് വ്യവഹരിച്ചിരുന്നത്. ടി.കെ. വെങ്കിടസുബ്രഹ്മണ്യൻ എഴുതിയ 'ആദ്യകാല തമിഴകത്തെ പരിസ്ഥിതിയും നഗരവൽക്കരണവും' (Environment and Urbanisation in Early Tamilakam) എന്ന ചരിത്രപുസ്തകത്തിൽ ചേരന്റെ നാടായിരുന്ന കുടനാടിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്.

"ചേരന്മാരുടെ മൂലരാജ്യമെന്നു കരുതപ്പെടുന്ന പരമ്പരാഗതമായ കേരള പ്രദേശത്ത് – കന്നേറ്റി മുതൽ പുതുപട്ടണംവരെയുള്ള പ്രദേശത്ത് ഏതെങ്കിലും വിദേശശക്തി ആക്രമിച്ച് കയറിയതിനും ആധിപത്യം ചെലുത്തിയതിനും ഐതിഹ്യപരമായ ചൂണ്ടിക്കാട്ടൽ കഷ്ടിയാണ്." *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും* എന്ന പുസ്തകത്തിൽ പി.കെ. ബാലകൃഷ്ണൻ കുടനാടിന്റെ ഒരു പ്രത്യേകതയിലേക്ക് ഇത്തരത്തിൽ വിരൽ ചൂണ്ടുന്നു.

ആദിചേരന്മാരുടെ കാലം മുതൽ ദക്ഷിണകേരളത്തിലെയും ഉത്തരകേരളത്തിലെയും ചില ഭാഗങ്ങൾ കുറേക്കാലം ചോള -പാണ്ഡ്യ രാജാക്കന്മാർക്കും വിജയനഗരം വാണിരുന്ന രായര് രാജാക്കന്മാർക്കും അധീനപ്പെട്ടിരുന്നു. എന്നാൽ മധ്യകേരളത്തിലെ കുടനാട് ഒരു കാലത്തും അന്യർ സ്വാധീനപ്പെടുത്തിയതായി കാണുന്നില്ലായെന്ന് *കൊച്ചിരാജ്യചരിത്രം* എന്ന പുസ്തകത്തിൽ പത്മനാഭമേനോൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ചൂണ്ടിക്കാട്ടലുകൾ ദ്രാവിഡരാജാക്കന്മാരായ മൂവേന്തരിൽ ഒരാളായിരുന്ന ചേരന്റെ പടിഞ്ഞാറൻ പ്രദേശമായ കുടനാട് ചേരന് എക്കാലത്തും പൂർണ്ണസ്വാതന്ത്ര്യത്തോടെ ഉണ്ടായിരുന്ന ഭരണപ്രദേശമായിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ഒരു പ്രദേശത്തെ ഏതെങ്കിലും ഒരു പ്രാചീനജനവിഭാഗത്തെക്കുറിച്ച് ആഴത്തിൽ പഠിക്കണമെങ്കിൽ ആ ജനവിഭാഗം അധിവസിക്കുന്ന പ്രദേശങ്ങളുടെ സാംസ്കാരിക അതിർത്തി തിട്ടപ്പെടുത്തുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. ഈ പ്രക്രിയ

യിൽ ഭൂമിശാസ്ത്രവും അതിന്റെ ഘടനയും അതിരുകളും ഭൂമിയുടെ സ്വഭാവ സവിശേഷതകളും പൊതുവായ ജനജീവിതവും സം സ്കാരവും സാമൂഹികതയും വളരെ പ്രാധാന്യമർഹിക്കുന്ന ഘട കങ്ങളാണ്.[1] പ്രാദേശിക സൂക്ഷ്മ ചരിത്രാന്വേഷണശാസ്ത്ര (Local Micro-history Methodology) രീതിയിൽ ചരിത്രം അന്വേഷിക്കു മ്പോൾ, ആദ്യഘട്ടത്തിൽ കണ്ടെത്തുന്ന ചെറുതും വലുതുമായ ഘടകങ്ങൾ കാര്യകാരണ സഹിതം ഗൗരവത്തോടെ പരിശോ ധിച്ച് വിലയിരുത്തേണ്ടതുമുണ്ട്.

ഇവിടെ ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ പഠനമല്ല മറിച്ച് ഒരു പ്രദേശത്തിന്റെ ചില പ്രത്യേകതകൾ അന്വേഷിക്കുക യാണ്. മദ്ധ്യകേരളത്തിലെ രണ്ടു പ്രധാനനദികളാണ് പേരാറും പെരിയാറും. ഈ രണ്ടു പുഴകളുടെ തടപ്രദേശങ്ങളിൽ മുഖ്യനദി കളിൽ ചേരുന്ന പോഷകനദികളും കായലുകളും ആറുകളും ചെ റുതോടുകളും കൈവഴികളുമുണ്ട്. ഇവിടെ കരുവന്നൂർപ്പുഴ സാം സ്കാരികമായി വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പുഴയാണ്. ബ്രാഹ്മണ ലിഖിതങ്ങളിൽ കരുമാൻപുഴയെന്നും പിന്നീട് പ്രാദേശികമായി കരുവന്നൂർപ്പുഴ എന്നും അറിയപ്പെടുന്ന ഈ പുഴയുടെ തെക്കേതീരം, വടക്കേതീരം എന്നീ രീതിയിൽ സാം സ്കാരികവിഭിന്നത മധ്യകാലം മുതൽ നിലനിൽക്കുന്നുണ്ട്. ഈ അവസ്ഥ പരിശോധിച്ചാൽ, കരുവന്നൂർപ്പുഴയുടെ തെക്കേ ഓരം പെരിയാറിന്റെ (ആലുവപ്പുഴ) ഉത്തര തടപ്രദേശങ്ങളുടെ വടക്കേ അതിരായി നിൽക്കുന്നു. പേരാറിന്റെ (ഭാരതപ്പുഴ) ദക്ഷിണത ടങ്ങളുടെ തെക്കേ അതിരായി കരുവന്നൂർപ്പുഴയുടെ വടക്കേ ഓരവും നിൽക്കുന്നു എന്നു കാണാം. അതായത് മദ്ധ്യകേരള ത്തിലെ രണ്ടു പ്രമുഖ നദികളായ പേരാറിന്റെയും പെരിയാറിന്റെ യും തടപ്രദേശങ്ങളുടെ ഏകദേശം മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന കരുവന്നൂർപ്പുഴ ഈ പ്രദേശത്തെ പല ജാതി-ജനവിഭാഗങ്ങ ളുടെയും സാംസ്കാരിക അതിരായി നിൽക്കുന്നു എന്നുപറയാം. കരുവന്നൂർപ്പുഴയുടെ വടക്ക് കല്ലാറ്റ് കുറുപ്പെന്നും പുഴയ്ക്ക് തെക്ക് മുടിയേറ്റ് കുറുപ്പ് എന്നും ഒരു ജനവിഭാഗം അറിയപ്പെടുമ്പോൾ, പുഴയ്ക്ക് വടക്ക് മണ്ണാൻ എന്ന ജനവിഭാഗം പുഴയ്ക്ക് തെക്ക് വേലൻ എന്നും അറിയപ്പെടുന്നു. അത്തരത്തിൽ പുഴയ്ക്ക് വടക്ക് കളരിപ്പ ണിക്കരെന്നും പുഴയ്ക്ക് തെക്ക് കളരിക്കുറുപ്പെന്നും അറിയപ്പെടുന്ന

ഒരു ജനവിഭാഗം സാംസ്കാരികമായും അനുഷ്ഠാനപരമായും ചില വിഭിന്നതകളോടെ അറിയപ്പെടുന്നുണ്ട്. ഇങ്ങനെ മറ്റു പല ജന വിഭാഗങ്ങളിലും ഇത്തരത്തിലുള്ള സാംസ്കാരികവൈവിദ്ധ്യങ്ങൾ കാണാം. അതോടൊപ്പം ബ്രാഹ്മണകുടിയേറ്റ ഗ്രാമവ്യവസ്ഥയു ടെയും കഴകവ്യവസ്ഥയുടെയും പ്രബലകാലത്ത് ഈ പുഴ ഒരു അതിർത്തിയായും കണക്കാക്കിയിട്ടുണ്ട്. ബ്രാഹ്മണഗ്രാമവ്യവ സ്ഥിതിയിൽ ഉത്തരഭാഗത്തെ പയ്യന്നൂരിൽനിന്നും ദക്ഷിണഭാ ഗത്തേക്ക് എന്ന നിലയിൽ ആദ്യത്തെ 10 ഗ്രാമങ്ങൾ ഉൾപ്പെട്ട ആദ്യഖണ്ഡത്തിന്റെ അതിരായും കരുവന്നൂർപ്പുഴയെ ചരിത്രപര മായി കണക്കാക്കാം. ബ്രാഹ്മണ ഐതിഹ്യപ്രകാരം പരശുരാ മനിൽ നിന്നും ആയുധം സ്വീകരിച്ച പത്തരഗ്രാമങ്ങളിൽ ആറ് ഗ്രാമങ്ങൾ സ്ഥിതിചെയ്യുന്നത് കരുവന്നൂർപ്പുഴക്കു തെക്കും പെ രിയാറിനു വടക്കുമുള്ള തടപ്രദേശങ്ങളിലാണ് എന്നതും ഇവിടെ പ്രാധാന്യമർഹിക്കുന്നു.

ചരിത്രാതീതകാലം മുതൽ മദ്ധ്യകേരളത്തിലെ വനവിഭവ ങ്ങളും കുരുമുളക്, ഏലക്കായ് എന്നിവ അടക്കമുള്ള സുഗന്ധദ്ര വ്യങ്ങളും പെരിയാറിന്റെയും പേരാറിന്റെയും ജലഗതാഗത പാ തകളിലൂടെ കൊടുങ്ങല്ലൂർ തുറമുഖത്ത് നിന്നുമായിരുന്നു റോമൻ സാമ്രാജ്യത്തേക്കും അറബ് രാജ്യങ്ങളിലേക്കും മറ്റു വിദേശരാ ജ്യങ്ങളിലേക്കും കടൽ മാർഗ്ഗമുള്ള വ്യാപാരം നടന്നിരുന്നത്. പേരാറും പെരിയാറും പഴയകാലത്ത് വ്യാപാര ശൃംഖല എന്നതു പോലെതന്നെ ജനങ്ങളുടെ മുഖ്യ ജലഗതാഗത സഞ്ചാരപാതക ളുമായിരുന്നു. കരുവന്നൂർപ്പുഴയുടെ വടക്കുഭാഗത്തു നിന്നും പേരാ റിന്റെ തടങ്ങൾ വരെയുള്ള ഭൂപ്രദേശളിൽ പല തോടുകളും ചെറു പുഴകളും അരുവികളും നീരുറവകൾ ഉൾപ്പടെ വിവിധ ജലസ്രോ തസ്സുകളുള്ള, കൃഷിക്ക് അനുയോജ്യമായ ഫലഭൂയിഷ്ഠമായ ഭൂപ്ര ദേശങ്ങളാണ്. ഇതുതന്നെയാണ് കരുവന്നൂർപ്പുഴയുടെ തെക്കുഭാ ഗത്ത് പെരിയാർ വരെയുള്ള ഭൂപ്രദേശങ്ങളുടെയും സ്വഭാവം.

പെരിയാറിനു തെക്കുള്ള സ്ഥലങ്ങൾ ബി.സി.ഇ. 302-ൽ രൂപപ്പെട്ടിരുന്നില്ലായെന്നും ഉണ്ടായിരുന്ന പ്രദേശങ്ങൾ ജന വാസയോഗ്യമായിരുന്നില്ലായെന്നും പറയപ്പെടുന്നു. വേമ്പനാട്ടു കായലിന്റെ പടിഞ്ഞാറെക്കരയിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ ചേർത്തല താലൂക്കും അവിടെ നിന്നു വടക്കോട്ട് അരൂർ, പള്ളുരു

ത്തി, കൊച്ചി, വൈപ്പിൻകര എന്നിവയും ഇന്നത്തെ എറണാകുളം പട്ടണം പോലും ഒരു കാലത്ത് കടലിനടിയിലായിരുന്നുവെന്ന് വി.വി.കെ. വാലത്ത് അഭിപ്രായപ്പെട്ടിട്ടുണ്ട്.[2]

കരുവന്നൂർപ്പുഴയുടെ തെക്കുഭാഗത്തുള്ള പെരിയാറിന്റെ ഉത്തരതടത്തിലെ ചാലക്കുടിയാർ ബ്രാഹ്മണരുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഒരു കാലത്ത് സ്ഥാപിതമായ 32 ബ്രാഹ്മണ ഗ്രാമങ്ങളിലൊന്നായ മൂഴിക്കുളം ഗ്രാമവും പ്രശസ്തമായിരുന്ന മൂഴിക്കുളം ശാലയും മൂഴിക്കുളം ക്ഷേത്രവും ഈ നദിയുടെ തീരത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. 'മൂഴിക്കുളം കച്ചം' വളരെ പ്രശസ്തമായ ഒരു ക്ഷേത്രഭരണ രേഖയാണല്ലോ. മൂഴിക്കുളം പെരുംശാലയിലെയും മറ്റു ചെറിയ ചെറിയ പാഠശാലകളിലെയും വിദ്യാർത്ഥികൾ താമസിച്ചിരുന്നത് ഈ നദിയുടെ തീരങ്ങളിലായിരുന്നു. ചാലക്കുടി എന്ന സ്ഥലനാമത്തിനു പിന്നിൽ ശാലയുടെ അഥവാ ചാലയുടെ കുടികളുണ്ടായിരുന്ന സ്ഥലം എന്നതും കാരണമാണെന്നു പറയപ്പെടുന്നു.

പേരാറിന്റെയും പെരിയാറിന്റെയും തടങ്ങളിൽ ബ്രാഹ്മണാധിപത്യം ഉടലെടുക്കുന്നതിനു മുമ്പേതന്നെ ജൈന-ബുദ്ധ മതങ്ങൾ പ്രചരിച്ചിരുന്നു. ഈ പ്രദേശങ്ങളിൽ ജൈന-ബുദ്ധ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അതിലൂടെ അവരുടേതായ സിദ്ധാന്തങ്ങളും രീതികളും അനുഷ്ഠാനങ്ങളും തദ്ദേശിയരിൽ സ്വാധീനിക്കുവാൻ പ്രേരിതമായ ഘടകങ്ങളായി വർത്തിച്ചിരുന്നു. കരുവന്നൂർപ്പുഴയുടെ തീരത്ത് പ്രാചീനകാലം മുതൽ നടന്നുവന്നിരുന്ന പെരുവനം -ആറാട്ടുപുഴ പൂരത്തിൽ ജൈന-ബുദ്ധ മതസ്ഥരുടെ സ്വാധീനം വ്യക്തമായി കാണുവാൻ കഴിയും. ഈ ഉത്സവം ഈ പ്രദേശങ്ങളിൽ ബ്രാഹ്മണർ വ്യാപിച്ച് ഗ്രാമവ്യവസ്ഥ ചിട്ടപ്പെടുത്തുന്നതിനു മുമ്പേ നടന്നുവന്നിരുന്ന അനുഷ്ഠാനങ്ങളായിരുന്നുവെന്ന് പറയപ്പെടുന്നു. അതോടൊപ്പം തൃക്കണാപുരവും തൃക്കണാമതിലകവും തിരുനാവായും മറ്റും പേരാറിന്റെയും പെരിയാറിന്റെയും തടഭൂമികളിലെ പൂർവ്വകാല സാംസ്കാരിക അടിത്തറയിലേക്ക് വിരൽ ചൂണ്ടുന്നവയാണ്.

പേരാറിന്റെ തെക്കു-പടിഞ്ഞാറും പെരിയാറിന്റെ വടക്കു-പടിഞ്ഞാറുമായിട്ടുള്ള തടങ്ങളുടെ പടിഞ്ഞാറൻ ഭാഗത്ത് അറബി കടലിനു സമാന്തരമായി ഒരു ജലപാതയുണ്ട്. ഈ

ജലപാത കരുവന്നൂർപ്പുഴയുടെ പടിഞ്ഞാറോട്ടുള്ള ഒഴുക്കിൽ ഇടയ്ക്കുവെച്ച് കായലിനോടു ചേർന്ന് പിന്നേയും മുന്നോട്ട് ഒഴുകി കടലിൽ ചേരുന്നു. മണപ്പുറം എന്ന പ്രദേശം സൃഷ്ടിച്ചുകൊണ്ട് നന്തിയാർ എന്ന പേരിൽ ഈ നദി പ്രാദേശികമായി തെക്കോട്ടും വടക്കോട്ടും ഒഴുകുന്നു. ബ്രിട്ടീഷ് ആധിപത്യകാലത്ത് ഈ നദിയും മറ്റു പല ചെറുനദികളും തോടുകളും സംയോജിപ്പിച്ചുകൊണ്ട് കോഴിക്കോട്ടു നിന്നും തെക്കോട്ടേക്ക് ഒരു ജലഗതാഗത പാതയായി രൂപപ്പെടുത്തി ഉപയോഗിച്ചിട്ടുണ്ട്. അത്തരത്തിൽ തയ്യാറാക്കിയ ജലഗതാഗത പാതയെ കനോലി കനാൽ എന്നാണ് വിളിച്ചിരുന്നത്. ഈ പ്രദേശം കോട്ടപ്പുറം മുതൽ ചേറ്റുവവരെയുള്ള കടലോര പ്രദേശമാണ്. നന്തിയാറിനെക്കുറിച്ച് കോകസന്ദേശത്തിൽ വ്യക്തമായ പരാമർശങ്ങൾ കവി നൽകുന്നുണ്ട്. പേരാറിന്റെയും പെരിയാറിന്റെയും തടപ്രദേശങ്ങൾ പൊതുവെ പഴയകാലം മുതൽ കൃഷിക്ക് അനുയോജ്യവും സമതല പ്രദേശങ്ങൾ എന്ന നിലയിൽ ജനവാസ യോഗ്യവുമായിരുന്നുവെന്നത് ചരിത്രപരമായി ശ്രദ്ധേയമാണ്.

ആദി ചേരന്മാർ പശ്ചിമഘട്ടത്തിന്റെ പൂർവ്വദേശങ്ങളിൽ നിന്നും പശ്ചിമഘട്ടത്തിനു പടിഞ്ഞാറൻ കടലോര പ്രദേശങ്ങൾ വരെയുള്ള ഭൂപ്രദേശങ്ങൾ ആദ്യ ഘട്ടത്തിൽ സ്വാധീനിച്ച് അധീനതയിലാക്കുന്നത് പേരാറിന്റെയും പെരിയാറിന്റെയും തട പ്രദേശങ്ങളാണ്.[3] ചേരന്മാർ ആദികാലത്ത് ഈ പ്രദേശങ്ങൾ പശ്ചിമഘട്ടത്തിന്റെ പൂർവ്വദേശത്തോട് ചേർത്ത് ചേരരാജ്യം വികസിപ്പിച്ചത് ഇവിടത്തെ ജലഗതാഗതപാതകളും തുറമുഖ സൌകര്യവും കണക്കിലെടുത്തുകൊണ്ടാണ് എന്ന് പറയപ്പെടുന്നു. സംഘകാലത്ത് പൊതുവെ ഈ പ്രദേശം കുടനാട് എന്നാണ് അറിയപ്പെട്ടിരുന്നത്. വടക്ക് പുതുപട്ടണം മുതൽ തെക്ക് കൊച്ചിക്കായൽ വരെയുള്ള പ്രദേശങ്ങളെയാണ് കുടനാട് എന്നു വിളിച്ചിരുന്നത്. പിന്നീട് ചേരന്മാർ തെക്ക് കൊല്ലം വരെയുള്ള പ്രദേശങ്ങൾ അധീനതയിലാക്കുന്നുണ്ട്. പെരിയാറിനു തെക്ക് കൊച്ചിക്കായൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളിൽ തോടുകളും ചെളിക്കുണ്ടുകളും ചതുപ്പുനിലങ്ങളും നിറഞ്ഞ നദീതട കടലോര പ്രദേശമായിരുന്നു. ഭാരതപ്പുഴയുടെ ഉത്തരതടങ്ങളിൽ ഉൾപ്പെട്ടിരുന്ന കോരപ്പുഴവരെയുള്ള പ്രദേശങ്ങളിൽ ചാലിയാർ തടങ്ങളുടെ

വടക്കൻ പ്രദേശങ്ങൾ തോട്ടുകളും ചതുപ്പ് നിലങ്ങളും കുന്നുകളും ചളിപ്രദേശങ്ങളും കണ്ടൽക്കാടുകളും മറ്റും നിറഞ്ഞ ജനവാസ യോഗ്യമല്ലാതിരുന്നതും മത്സ്യബന്ധനം നടത്തിയിരുന്നവർ അധിവസിച്ചിരുന്നതുമായ പ്രദേശമായിരുന്നു. കൂടാതെ ഇന്നു കാണുന്ന പല കരപ്രദേശങ്ങളും സംഘകാലത്ത് കടൽത്തീരങ്ങളായിരുന്നുവെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇന്നത്തെ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ ഉൾപ്പെട്ട ഭൂപ്രദേശങ്ങളാണ് കുടനാട് എന്ന് വിളിക്കപ്പെട്ടിരുന്നത്. ഈ പ്രദേശങ്ങളിൽ വസിക്കുന്നവരെ കുടവർ എന്നും ഭരണാധികാരികളെ കുടക്കോ അഥവാ കുടവർകോ എന്നുമാണ് സാധാരണയായി ആദി ചേരന്മാരുടെ കാലത്ത് സംബോധന ചെയ്തിരുന്നത്.[4] ചരിത്രപരമായി ഈ ചൂണ്ടികാട്ടലിന് വളരെ പ്രാധാന്യമുണ്ട്.

ഒരു പ്രദേശം എന്നത് കേവലമൊരു സ്ഥലം എന്നതിനേക്കാൾ അവിടത്തെ ജനങ്ങളേയും ജനസംസ്കാരത്തേയും ജനജീവിത രീതികളേയും സമ്പ്രദായങ്ങളേയും സാംസ്കാരിക വികസനത്തിനുവേണ്ടി തയ്യാറാക്കപ്പെടുന്ന വ്യവസ്ഥകളേയും സംവിധാനങ്ങളേയും അതുമായി ബന്ധപ്പെട്ട അനുബന്ധ വ്യവഹാരങ്ങളേയും ആശ്രയിച്ചാണ് നിലനിന്നിരുന്നത്. ഇരുളടഞ്ഞ കാലം എന്ന കാലഘട്ടത്തിൽ ഈ പ്രദേശങ്ങളിലെ ബ്രാഹ്മണരുടെ ശക്തമായ വളർച്ചയും പ്രാദേശിക ഭരണ-അധികാര മേഖലകളിലേക്കുള്ള തന്ത്രപരമായ കടന്നുവരവും തദ്ദേശിയ അടിസ്ഥാന ഗോത്ര മേധാവികൾക്കിടയിൽ അടിച്ചമർത്തലുകളിലൂടേയോ അഥവാ സൈദ്ധാന്തികപരമായോ സ്വാധീനം നേടലും വളരെ ശ്രദ്ധേയമാണ്. സംഘകാലത്തും തുടർന്നുള്ള ബ്രാഹ്മണ പ്രബല കാലത്തും കരുവന്നൂർപ്പുഴയ്ക്ക് പ്രാധാന്യമുണ്ടായിരുന്നു. ഈ നദീതടത്തിലാണ് പെരുവനം ബ്രാഹ്മണഗ്രാമം സ്ഥിതി ചെയ്യുന്നത്. പട്ടേപ്പാടം, പന്തിലിപ്പാടം, പറയപ്പാടം, പിടിക്കപ്പറമ്പ് എന്നിങ്ങനെയുള്ള സ്ഥലങ്ങളുടെ പേരുകൾ ഈ പ്രദേശത്തെ കാർഷീക വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. പുഴയ്ക്ക് തെക്കും വടക്കും എന്ന രീതിയിൽ സാംസ്കാരിക വിഭിന്നത നിലനിന്നിരുന്നുവെന്ന് ഒരേ ജനവിഭാഗത്തിലെ ജാതിപ്പേരിന്റേയും സ്ഥാനപ്പേരിന്റേയും വ്യത്യസ്തതകൾ വിരൽ ചൂണ്ടുന്നു.

അതോടൊപ്പം ഈ പ്രദേശങ്ങളിൽ സംസ്കാരികമായും ആചാരാനുഷ്ഠാനപരമായും പാരമ്പര്യസമ്പ്രദായങ്ങളുടെ കാര്യത്തിലും വൈവിദ്ധ്യതകൾ അഥവാ വൈരുദ്ധ്യതകൾ നിലനിന്നിരുന്നുവെന്ന് മനസ്സിലാകും. പുഴയ്ക്ക് തെക്കുള്ളവരെന്നും വടക്കുള്ളവരെന്നും ഒരേ ജാതിക്കുള്ളിലെ സാംസ്കാരികതയുടെ വിഭിന്നതകൾ രൂപീകരിക്കപ്പെടുന്നതിന് കരുവന്നൂർപ്പുഴ ഒരു അതിർത്തിയായി വർത്തിച്ചിരുന്നുവെന്നാണ് വ്യക്തമാകുന്നത്.

ഉത്തരകേരളത്തിലെ കോരപ്പുഴ എന്നത് ഉത്തരമലബാറിന്റെയും ദക്ഷിണ മലബാറിന്റെയും അതിരായിട്ടാണ് പരിഗണിച്ചിരുന്നത്.[5] സംഘകാലത്ത് ഈ പുഴയുടെ വടക്കു ഭാഗത്ത് കോലത്തിരിയുടെ ഭരണം നിലനിന്നിരുന്നു. ഇരുപതാം നൂറ്റാണ്ടുവരെ വടക്കൻ മലബാറിലെ നായർ, തിയ്യർ സമുദായങ്ങൾക്ക് കോരപ്പുഴയ്ക്കു തെക്കുള്ളവരുമായി വിവാഹബന്ധം സ്വീകാര്യമായിരുന്നില്ല. അങ്ങനെ ചെയ്യുന്ന സ്ത്രീകളെ ഭ്രഷ്ട് കൽപ്പിച്ച് സമുദായത്തിൽ നിന്നും പുറത്താക്കിയിരുന്നു. ഈ നദി ഇവിടെ ചൂണ്ടികാട്ടിയത്, കരുവന്നൂർപ്പുഴ രണ്ടു വ്യത്യസ്ത പ്രാദേശികതകൾക്ക് അതിരായിരുന്നതുപോലെ കോരപ്പുഴ സാമൂഹികമായും സാമുദായികമായും രണ്ടു വ്യത്യസ്ത സംസ്കാരത്തിന്റെയും ജാത്യാചാരങ്ങളുടെയും അതിരായിരുന്നുവെന്നു ചൂണ്ടികാട്ടുവാനാണ്. ഇത്തരത്തിൽ പെരിയാറിനു തെക്കും വടക്കും എന്നുള്ള വ്യത്യാസവും ബ്രാഹ്മണരുടെ യാഗാധികാരവുമായി ബന്ധപ്പെട്ട് ഒരു നൂറ്റാണ്ടു മുമ്പുവരെ നിലനിന്നിരുന്നു.

**കുറിപ്പുകൾ**

1. അന്തർദേശിയ ജേർണലായ ഫോക്‌ലോർ (Folklore Magazine) Dec. 1971, “Geography Aid of Folklore” pp.466 -“If a folklorologist is really interested in having a correct picture of the folk people, he should, first of all, demarcate a culture -zone and here he should concern himself with the discipline of geography. And it is here geography has a great role to play in the study of folklore”
2. *സ്ഥലനാമചരിത്രങ്ങൾ - എറണാകുളം ജില്ല*, വി.വി.കെ. വാലത്ത്
3. *പ്രാചീന കേരളത്തിന്റെ ചരിത്രം* ശിവശങ്കരൻ നായർ, പുറം 31

– "ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ ഇന്നത്തെ കേരളത്തിലുള്ള എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾ ചേര സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നിരിക്കണം."

4. പ്രാചീന കേരളത്തിന്റെ ചരിത്രം ശിവശങ്കരൻ നായർ, പുറം 115 – "പശ്ചിമഘട്ടത്തിനും പശ്ചിമതീരത്തിനും ഇടക്കുള്ള ചേരരാജ്യത്തെ കുടനാട് എന്നാണ് സംഘകാല കൃതികളിൽ പറയുന്നത്. പടിഞ്ഞാറൻ പ്രവിശ്യ എന്നാണ് അർത്ഥം. വടക്ക് പുതുപട്ടണം മുതൽ തെക്ക് കൊച്ചി കായൽവരെയായിരുന്ന അതിന്റെ വ്യാപ്തി".

5. *ആര്യന്മാരുടെ കുടിയേറ്റം* – കേരളത്തിൽ, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്.

9601484166
kalarickalk@gmail.com